**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 127** **28-07-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മരണ നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം മുകേഷ് ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. പി.വി.അൻവർ** | | **Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് തരംഗം ഉച്ചസ്ഥായിയിലെത്തുന്നതു വൈകിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സ്വീകരിച്ച നടപടികൾ ഫലം കണ്ടിരുന്നോ; | (എ) | ഫലം കണ്ടിരുന്നു. കേരളത്തിൽ ഒന്നാം തരംഗത്തിൽ ഏറ്റവുമധികം കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടത് 2020 ഒക്ടോബറിലും രണ്ടാം തരംഗത്തിൽ 2021 മെയ്, ജൂൺ മാസങ്ങളിലും ആയിരുന്നു. ഈ രണ്ട് കാലയളവിലും രോഗബാധ ഉച്ചസ്ഥായിയിലെത്തുന്നത് വൈകിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ആരോഗ്യവകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു. 1. രോഗമുള്ളവരെയെല്ലാം കണ്ടെത്തി ചികിത്സിക്കുന്നതിനായി ടെസ്റ്റിംഗ്, ട്രാക്കിംഗ്, ട്രീറ്റ്മെന്റ് എന്നിവ ഫലപ്രദമായി നടപ്പിലാക്കി. 2. രണ്ടാം തരംഗത്തിൽ കേസുകൾ കൂടിയതുകൊണ്ട് ഓക്സിജൻ ബെഡുകൾ, വെന്റിലേറ്ററുകൾ, ICU സൗകര്യങ്ങൾ തുടങ്ങിയവ ശക്തിപ്പെടുത്തുകയുണ്ടായി. 3. പ്രത്യേകമായുള്ള കോവിഡ് ആശുപത്രികൾ ആരംഭിച്ചും നിലവിലുള്ള കോവിഡ് ആശുപത്രികളിലേയും CFLTC കളിലേയും സൗകര്യങ്ങൾ വർദ്ധിപ്പിച്ചും വിദഗ്ധ ചികിത്സ ഉറപ്പ് വരുത്തി. ജില്ലാ തലത്തിലുള്ള DPMSU (Disaster Project Management Support Unit)കൾ വഴി ഒഴിവുള്ള സ്ഥലങ്ങളിലെ ബെഡുകൾ രോഗികൾക്കു ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു. 4. ഓക്സിജന്റെ ആവശ്യകത കൂടുന്നതുകൊണ്ട് അധികമായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ് ലൈനുകൾ, ഓക്സിജൻ സിലിണ്ടറുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ഇതോടൊപ്പം ഓക്സിജൻ ഓഡിറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തി. 5. ഓക്സിജന്റെ ഉപയോഗം, സ്റ്റോക്ക്, സ്ഥിതി, ആവശ്യകത ഇവ നിരന്തരം മോണിറ്റർ ചെയ്യുന്നതിനുള്ള ഓക്സിജൻ വാർ റൂമുകൾ വഴി ജില്ലാ സംസ്ഥാന തലങ്ങളിൽ പ്രവർത്തനം ഏകോപിപ്പിച്ചു. 6. കോവിഡ് ചികിത്സയ്ക്കാവശ്യമായ വിവിധതരം |

മരുന്നുകളും മറ്റ് ആശുപത്രി ഉപകരണങ്ങളും കെ.എം.എസ്.സി.എൽ മുഖേന മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. 7. കോവിഡിന്റെ സങ്കീർണ്ണതയായി കണ്ടുവരുന്ന മ്യൂക്കർമൈക്കോസിസിന്റെ ചികിത്സയ്ക്കാവശ്യമായ സൗകര്യങ്ങളും മരുന്നുകളും കൂടുതൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു. ഇതുമായി ബന്ധപ്പെട്ട പരിശീലന പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. 8. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP -ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കൂടാതെ കോവിഡ് ചികിത്സയ്ക്ക് 50% ബെഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റി വയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. 9. പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വഴി കോവിഡിന് ശേഷമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. 10. ലോക്ക് ഡൗൺ, ട്രിപ്പിൾ ലോക്ക് ഡൗൺ, കണ്ടെയിന്മെന്റ് സോണുകൾ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ വഴി രോഗ വ്യാപനം കൂടുതലുള്ള സ്ഥലങ്ങളിൽ പ്രത്യേക പ്രവർത്തനങ്ങൾ നടത്തി. 11. കോവിഡിന്റെ മാറി വരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് ഡോക്ടർമാർക്കും, വിവിധ വിഭാഗം ജീവനക്കാർക്കുമുള്ള പരിശീലന പരിപാടികൾ നടത്തി. പൊതുജനങ്ങൾക്കായുള്ള ആരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. 12. സംസ്ഥാന തല വിദഗ്ധ സമിതി നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ തീരുമാനങ്ങൾ സ്വീകരിച്ച് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി. 13. ബഹു.കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാന തല ഉദ്യോഗസ്ഥരേയും ജില്ലാതല കളക്ടർമാരുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് അവലോകന യോഗങ്ങൾ നടത്തുകയും അതു വഴി സംസ്ഥാനത്തെ കോവിഡ് പ്രവർത്തനങ്ങളെ വിലയിരുത്തി ആവശ്യമായ തീരുമാനങ്ങളെടുക്കുകയും അവ നടപ്പിലാക്കുകയും ചെയ്തു വരുന്നു. 14. വിവിധവകുപ്പുകളുടെ ഏകോപനം ഉറപ്പു വരുത്തിക്കൊണ്ട് ജന-പ്രതിനിധികളുടേയും തദ്ദേശ

| | | | |
|---|---|---|---|
| | | | സ്വയം ഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിലാണ് സംസ്ഥാനത്ത് കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയത്. 15. 2021-ജനുവരി 16 മുതൽ സംസ്ഥാനത്ത് കോവിഡ് വാക്സിനേഷൻ നടപ്പാക്കി വരുന്നു. മേൽ പ്രവർത്തനങ്ങൾ വഴി റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണത്തേയും, ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിനേയും മരണ നിരക്കിനേയും കുറച്ചു നിർത്താൻ നമുക്കു സാധിച്ചിരുന്നു. ഇന്ത്യയിൽ മാർച്ച് മാസം മുതൽ കേസുകൾ വർദ്ധിച്ചതിനെ തുടർന്ന് ഏപ്രിൽ ആദ്യ ആഴ്ച മുതലാണ് കേരളത്തിലും രണ്ടാം തരംഗം ആരംഭിച്ചത്. ഒരു ഘട്ടത്തിൽ മുപ്പതിനടുത്തുവരെയെത്തിയ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിനെ ചിട്ടയായ സർവൈലൻസ് പ്രവർത്തനങ്ങളും ഹൈ റിസ്ക് ഗ്രൂപ്പുകളിലും രോഗികളുമായി സമ്പർക്കത്തിൽ ഏർപ്പെട്ടവരിലും ഊന്നി ലക്ഷ്യബോധത്തോടെ നടത്തിയ പരിശോധനകളും ലോക്ഡൗൺ നിയന്ത്രണങ്ങളുമാണ് കുറയ്ക്കാൻ സഹായിച്ചത്. ഇതിനെ തുടർന്ന് ജൂൺ-17 ഓടുകൂടി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 11-ൽ താഴെ എത്തിക്കാൻ നമുക്ക് സാധിച്ചിരുന്നു. ലോക്ഡൗൺ നിയന്ത്രണങ്ങളിൽ അതിനെ തുടർന്ന് ഇളവ് നൽകി തുടങ്ങിയെങ്കിലും ചിട്ടയായ പ്രവർത്തനങ്ങളിലൂടെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിനെ 10-ന് അടുത്ത് പിടിച്ചു നിർത്താൻ അതിനെ തുടർന്നുള്ള നാല് ആഴ്ചകളിലും നമുക്ക് സാധിച്ചിട്ടുണ്ട്. ഈ കാലയളവിലെ ആശുപത്രി അഡ്മിഷൻ ആകുന്ന കേസുകളുടെ എണ്ണത്തിലും കുറവുകൾ ഉണ്ടാകുകയുണ്ടായി. ICU വെന്റിലേറ്ററിൽ പ്രവേശിപ്പിക്കുന്ന രോഗികളുടെ എണ്ണത്തിലും കാര്യമായ കുറവുണ്ടായി. |
| (ബി) | രോഗസ്ഥിരീകരണ നിരക്ക് വിലയിരുത്തിയ കേന്ദ്രസംഘം തൃപ്തി രേഖപ്പെടുത്തിയിട്ടുണ്ടോ; രോഗീപരിചരണം, അടിസ്ഥാന സൗകര്യം, വാക്സിനേഷൻ എന്നീ കാര്യങ്ങൾ കേന്ദ്രസംഘം വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഈ കാലയളവിൽ കേരളം സന്ദർശിച്ച കേന്ദ്ര സംഘം നിയന്ത്രണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, സർവൈലൻസ്, ടെസ്റ്റിംഗ് ചികിത്സാ സംവിധാനങ്ങൾ, വാക്സിനേഷൻ എന്നിവ പരിശോധിക്കുകയും അതിൽ തൃപ്തി രേഖപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ ഇത് സംബന്ധിച്ച റിപ്പോർട്ടുകൾ ഒന്നും തന്നെ കേന്ദ്ര സംഘം ആരോഗ്യ വകുപ്പിന് കൈമാറിയിട്ടില്ല. |
| (സി) | കോവിഡ് മരണ നിരക്ക് പരിശോധിച്ചിരുന്നോ; മരണകാരണം സ്ഥിരീകരിക്കുന്നതു ഐ.സി.എം.ആർ. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണോ എന്ന് അറിയിയ്ക്കാമോ; | (സി) | പരിശോധിച്ചിരുന്നു. കേരളത്തിൽ മരണ കാരണം സ്ഥിരീകരിക്കുന്നത് WHO-യുടേയും ICMR -ന്റേയും മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചാണ്. |
| | | | |

| | | | |
|---|---|---|---|
| (ഡി) | ആകെ മരണനിരക്ക് മുൻവർഷങ്ങളുമായി താരതമ്യം ചെയ്ത് പരിശോധിച്ചിരുന്നോ; വിശദാംശം നൽകുമോ? | (ഡി) | കേരളത്തിൽ നിലവിൽ കോവിഡ് മരണ നിരക്ക് 0.49% ആണ്. 2020-ലെ കേരളത്തിലെ മരണനിരക്ക് വിശകലനം ചെയ്തപ്പോൾ ഗണ്യമായ കുറവാണ് കാണാൻ സാധിച്ചത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സേവന രജിസ്ട്രേഷൻ പോർട്ടൽ പ്രകാരം 2019-ൽ ആകെ 2,64,155 മരണങ്ങൾ രേഖപ്പെടുത്തിയപ്പോൾ 2020-ൽ 2,43,248 മരണങ്ങളായി കുറഞ്ഞു. അതായത് 20,907 മരണങ്ങളുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. 2021 ജൂലൈ - 22 വരെ ഇത് 1,33,937 ആണ്. കോവിഡ് കാലയളവിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് ലോക രാജ്യങ്ങളിൽ മരണ നിരക്ക് വളരെ ഉയർന്ന് നിൽക്കുമ്പോൾ കേരളത്തിൽ അത് മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറവാണ് എന്ന് മനസ്സിലാക്കാം. |

സെക്ഷൻ ഓഫീസർ